പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. 8058

24.07.2012 -ൽ മറുപടിയ്ക്ക്

## ഖാദി ക്ലസ്റ്റർ രൂപീകരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>" ആർ. സെൽവരാജ്:<br>" കെ. അച്ചുതൻ:<br>" ഐ.സി. ബാലകൃഷ്ണൻ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>( സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഖാദി ക്ലസ്റ്റർ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് ഖാദി ബോർഡ് വഴി ഖാദി ക്ലസ്റ്റർ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2012-13 വർഷം പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലായി നടപ്പാക്കുന്ന ക്ലസ്റ്റർ പദ്ധതിയ്ക്ക് 1.49 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) ഖാദി മേഖലയുടെ വളർച്ചയ്ക്ക് ക്ലസ്റ്ററുകൾ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ?; | (ബി) ഖാദി ഉൽപ്പാദനത്തിന് കൂടുതൽ സാധ്യതയുള്ള മേഖലകൾ കണ്ടെത്തി അവിടുത്തെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയാണ് ആദ്യപടിയായി ചെയ്യുന്നത്. ഖാദി തൊഴിലാളികൾക്ക് ആവശ്യമായ മെച്ചപ്പെട്ട ഉപകരണങ്ങൾ ലഭ്യമാക്കുക, കോമൺഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുക, പ്രിന്റിംഗ്, ഡൈയിംഗ് മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവ വഴി ഖാദി ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനും തൊഴിലാളികൾക്ക് വേതന വർദ്ധനവിനും സർവ്വോപരി ഖാദി മേഖലയുടെ മൊത്തത്തിലുള്ള വളർച്ചയ്ക്കും സഹായകരമാണ്. |

സെക്ഷൻ ഓഫീസർ